# നോളജ് റിയൽറ്റി ട്രസ്റ്റ് ഐ.പി.ഒ ഇന്നുമുതൽ

ബംഗളൂരു: റിയൽ എസ്റ്റേറ്റ് രംഗത്തെ മുൻനിര കമ്പനികളായ ബ്ലാക്ക് സ്റ്റോൺ, സത്വ ഗ്രൂപ് എന്നിവയുടെ കീഴിലെ റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ആർ.ഇ.ഐ.ടി) ആയ നോളജ് റിയൽറ്റി ട്രസ്റ്റിന്റെ ഐ.പി.ഒക്ക് ചൊവ്വാഴ്ച തുടക്കമാവും. വ്യാഴാഴ്ചവരെ ഐ.പി.ഒ തുടരും. 4,800 കോടി സമാഹരിക്കുകയാണ് ലക്ഷ്യം. ഒരു ഓഹരിക്ക് 95 രൂപ മുതൽ 100 രൂപവരെയാണ് വില. 15,000 രൂപയാണ് ഏറ്റവും കുറഞ്ഞ നിക്ഷേപം. 150 ഓഹരികളുടെ ഗുണിതങ്ങളായി നിക്ഷേപകർക്ക് അപേക്ഷിക്കാം.

ബംഗളൂരുവിൽ നടന്ന വാർത്തസമ്മേളനത്തിൽ നോളജ് റിയൽറ്റി ട്രസ്റ്റ് സി.ഒ.ഒ കൈസറ പർവിഖ്, സി.ഇ.ഒ സിരിഷ്, സത്വ ഗ്രൂപ് ഡയറക്ടർ മഹേഷ് കൈതാൻ, എം.ഡി ബിജയ് അഗർവാൾ, ബ്ലാക്ക് സ്റ്റോൺ എം.ഡി അശീഷ് മൊഹ്ത, ശിവം അഗർവാൾ, സെന്തിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.